# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2316 — 18.02.2016 -ൽ മറുപടിക്ക്

## മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ടി. എ. റഹീം : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി നിലവിലില്ലാത്തത് ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ? | (എ) & (ബി) മാവൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ സ്ഥാപനമായ ചെറൂപ്പ എം.സി.എച്ച് യൂണിറ്റിനെ 06.11.2008-ലെ സ.ഉ.(എം.എസ്) നം. 568/2008/ആ.കു.വ. പ്രകാരം 24x7 പി.എച്ച്.സി -യായി ഉയർത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള താഴെപ്പറയുന്ന ഫീൽഡ് വിഭാഗം ജീവനക്കാരാണ് പ്രവർത്തിക്കുന്നത്.<br><br>1. ഹെൽത്ത് സൂപ്പർവൈസർ - 1<br>2. ഹെൽത്ത് ഇൻസ്പെക്ടർ - 2<br>3. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ - 2<br>4. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Gr-I - 4<br>5. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Gr-II - 4<br>6. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് - 12<br><br>മേൽപ്പറഞ്ഞ ഫീൽഡ് വിഭാഗം ജീവനക്കാരാണ് മാവൂർ, പെരുവയൽ, പെരുമണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആയതിനാൽ മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ഇല്ലാത്തതുകൊണ്ട് ഫീൽഡ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ